DESPATCHED On 06/05/ 2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 1396(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6105/SIC-G7/2018**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. എൻ. മുരളീധരൻ പിള്ള,**<br>**കുണ്ടറ വീട്, കുറുമണ്ടൽ എ**<br>**പരവൂർ പി.ഒ., കൊല്ലം – 691 301.** | **അപ്പീൽ ഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**<br>**പരവൂർ നഗരസഭ,**<br>**പരവൂർ പി.ഒ., കൊല്ലം – 691 301**<br><br>**അപ്പീൽ അധികാരി & സെക്രട്ടറി,**<br>**പരവൂർ നഗരസഭ,**<br>**പരവൂർ പി.ഒ., കൊല്ലം – 691 301** | **എതിർകക്ഷികൾ** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.02.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | ......... |
| ഒന്നാം അപ്പീൽ | 11.04.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.05.2018 |
| രണ്ടാം അപ്പീൽ | 11.06.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, പരവൂർ മുനിസിപ്പാലിറ്റിയുടെ ഭരണ നിയന്ത്രണത്തിലുള്ള അംഗൻവാടികളുമായി ബന്ധപ്പെട്ട 26 ചോദ്യങ്ങളാണ്.

2. ടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർ വിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് നൽകിയ ഒന്നാം അപ്പീലിന് 05.05.2018 ൽ മറുപടി നൽകി എന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതും നിയമവിധേയമായി മറുപടി നൽകാൻ കഴിയാത്തതുമായ ചോദ്യങ്ങളാണ് ടിയാന്റെ അപേക്ഷയിൽ കൂടുതലായി ഉണ്ടായിരുന്നതെന്നും എന്നിരുന്നാലും നിയമത്തിന്റെ പരിധിയിൽ വരുന്നതും ഓഫീസ് രേഖകളിൽ നിന്ന് ലഭ്യമായിട്ടുള്ളതുമായ വിവരങ്ങൾ ചേർത്ത് ടിയാന്റെ അപ്പീൽ അപേക്ഷയ്ക്ക് മറുപടി നൽകി എന്നുമാണ്.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച 19.02.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്ന് വ്യക്തം. എതിർകക്ഷി നൽകിയ മൊഴിയിലും മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകി എന്നല്ല അവകാശപ്പെടുന്നത് പകരം ഒന്നാം അപ്പീലിന് മറുപടി നൽകി എന്നാണ്. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ പരിശോധിക്കുമ്പോൾ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്ന് എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ കഴിയുന്നതല്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് 30 ദിവസത്തിനുള്ളിൽ മറുപടി നൽകുവാൻ ഒന്നാം എതിർകക്ഷി ബാദ്ധ്യസ്ഥനാണ്. ഇവിടെ 19.12.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 05.05.2018 ൽ അപ്പീൽ അധികാരിയാണ് ഒരു മറുപടി നൽകിയതായി കാണുന്നത്. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒ.യുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും നിയമത്തോടുള്ള അവഹേളനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ട മാക്കേതുമാണ്.

**5.** 19.02.2018 ന് ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ പരിശോധിച്ച് ലഭ്യമാക്കാ വുന്ന വിവരങ്ങൾ എസ്.പി.ഐ.ഒ. എന്ന നിലയിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജ ന്യമായി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**